പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3497 24.6.2013 ൽ മറുപടിക്ക്

## കേരള പോലീസ് അസോസിയേഷൻ മലപ്പുറം ജില്ലാ സമ്മേളന റിപ്പോർട്ട്

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കേരള പോലീസ് അസോസിയേഷൻ മലപ്പുറം ജില്ലാ സമ്മേളന റിപ്പോർട്ടിൽ "പോലീസ് സേനയിലെ ചിലർ തങ്ങൾക്ക് സ്വീകാര്യരല്ലെന്നും ഇത്തരക്കാരെ തിരഞ്ഞു പിടിച്ച് തല്ലിക്കൊന്ന് കെട്ടിത്തൂക്കണമെന്നും'' ഉള്ള ഭാഗം ഉൾപ്പെട്ടിരുന്നതായും, ഇത് അവതരിപ്പിച്ചതായും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇപ്രകാരം പോലീസ് സേനയുടെ ഒരുമയും ഐക്യവും രാഷ്ട്രീയ പ്രേരിതമായി തകർക്കാൻ അസോസിയേഷൻ ജില്ലാ നേതാക്കൾ ശ്രമിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലാ എങ്കിൽ നടപടി സ്വീകരിക്കുമോ; | (എ)യും, (ബി)യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മലപ്പുറം ജില്ലാ സമ്മേളന റിപ്പോർട്ടിലെ ചില പരാമർശങ്ങൾ അസോസിയേഷന്റെ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് കെ.പി.എയുടെ മുൻ ജനറൽ സെക്രട്ടറി ശ്രീ. കെ.റ്റി. സെയ്യദ് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു. |
| സി) അസോസിയേഷനിലെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) കേരള പോലീസ് അസോസിയേഷൻ പരിപൂർണ്ണമായും ഒരു രാഷ്ട്രീയേതര സംഘടനയായി പ്രവർത്തിക്കാനാണ് അതിന്റെ ഭരണഘടന അനുശാസിക്കുന്നത്. |

സെക്ഷൻ ഓഫീസർ